2025 - 2026

# Academic Master plan

GHSS CHERPULASSERY

## ഉള്ളടക്കം

* ആമുഖം
* ഹൈസ്കൂളിന്റെ ചരിത്രം
* പിന്നിട്ട വഴികൾ ഒറ്റനോട്ടത്തിൽ
* ലക്ഷ്യങ്ങൾ
* വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
* നിലവിലെ അവസ്ഥാ വിശകലനം
* മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
* വിശദാംശങ്ങൾ
* നേട്ടങ്ങൾ
* ഉപസംഹാരം

# ആമുഖം

പാലക്കാട് ജില്ലയിലെ പ്രമുഖ വിദ്യാലയങ്ങളിൽ ഒന്നാണ് ചെർപ്പുളശ്ശേരി ഗവ: വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ. ഏകദേശം 3500 വിദ്യാർത്ഥികൾ അപ്പർ പ്രൈമറി, ഹൈസ്കൂൾ, വൊക്കേഷണൽ ഹയർസെക്കൻറി, ഹയർസെക്കന്ററി വിഭാഗങ്ങളിലായി ഇവിടെ അധ്യയനം നടത്തുന്നു. ചെർപ്പുളശ്ശേരിയിലെയും സമീപ പഞ്ചായത്തുകളിലെയും ജനസമൂഹത്തിന്റെ വളർച്ചയിലും വികാസത്തിലും വലിയ പങ്കുവഹിച്ച ഈ വിദ്യാലയം 2022 ലാണ് ശതാബ്ദി ആഘോഷിച്ചത്. വികാസപരിണാമങ്ങളുടെ വിവിധ ദശകളിലൂടെ കടന്നുവന്ന വിദ്യാലയം ഇപ്പോൾ മികവിന്റെ കേന്ദ്രമായി മാറാനുള്ള തയ്യാറെടുപ്പിലാണ്. വിദ്യാലയത്തിന്റെ വികാസം മുൻനിർത്തിക്കൊണ്ട് വിവിധ വികസന പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ആ വികസന കാഴ്ചപ്പാടുകളാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. നിരവധി രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, ശാസ്ത്ര സാങ്കേതിക വിദഗ്ധർക്ക് ജന്മം നല്കിയ ഈ പൊതുവിദ്യാലയം അതിന്റെ ജൈത്രയാത്ര തുടരുകയാണ്

വിദ്യാലയത്തിന്റെ പേര് : ജി. എച്ച് എസ് എസ് ചെർപ്പുളശ്ശേരി
മുൻസിപ്പാലിററി : ചെർപ്പുളശ്ശേരി
ബി ആർ സി : ചെർപ്പുളശ്ശേരി
വിദ്യാഭ്യാസ ഓഫീസ് : മണ്ണാർക്കാട്
വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് : പാലക്കാട്
ജില്ല : പാലക്കാട്
താഴ്ന്ന ക്ലാസ് : അഞ്ച്
ഉയർന്ന ക്ലാസ് : 12
ഫോൺ നമ്പർ : - 04662282667
ഇമെയിൽ ഐഡി ghscpy@gmail.com

# ചെർപ്പുളശ്ശേരി ഗവ: ഹൈസ്കൂളിന്റെ ചരിത്രം

1873 ലാണ് സാധാരണ ജനങ്ങളുടെ വിദ്യാഭ്യാസം ലക്ഷ്യമാക്കി മദ്രാസ് ഗവൺമെന്റിന്റെ കീഴിൽ ചെർപ്പുളശ്ശേരിയിൽ ഒരു സ്കൂൾ സ്ഥാപിതമാകുന്നത്. 1922ൽ ഇത് ഹൈസ്കൂൾ ആക്കി ഉയർത്തി. 1936ലാണ് സ്കൂൾ ഇപ്പോൾ നിൽക്കുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചത്. നിലവിൽ സ്കൂളിന് 11.5 ഏക്കർ സ്ഥലമാണുള്ളത്.

1934ൽ ഗാന്ധിജി കേരളം സന്ദർശിച്ചപ്പോൾ ചെർപ്പുളശ്ശേരിയിൽ വന്ന് പ്രസംഗിച്ചിരുന്നു. ആ സ്ഥലത്ത് പിന്നീട് സ്ഥാപിച്ച രാഷ്ട്രപിതാവിന്റെ പ്രതിമ പ്രധാന കെട്ടിടത്തിന്റെ മുൻഭാഗത്തെ അലങ്കരിക്കുന്നു. വിദ്യാലയ വളപ്പിലും ഗ്രൗണ്ടിന്റെ അരികിൽ ഇടതിങ്ങിയും തണൽ വിരിച്ച് നിൽക്കുന്ന പേരാലുകളും മാവുകളും മറ്റും സ്കൂളിന്റെ മുഖമുദ്ര തന്നെയാണ്. 1950ലെ വൃക്ഷദിനത്തിൽ ഓരോ ആൽമരം എന്ന രീതിയിൽ ആണ് ഗ്രൗണ്ടിന്റെ കിഴക്ക് വശത്തെ മരങ്ങൾ നട്ടുപിടിപ്പിച്ചത്. 1958ലാണ് സ്കൂൾ പൂർണ്ണമായി കേരള ഗവൺമെന്റിന്റെ കീഴിലായത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നല്കിക്കൊണ്ട് 1957-62 കാലഘട്ടത്തിൽ ഈ സ്കൂളിൽ

എഞ്ചിനീയറിംഗ് കോഴ്സുകൾ നടത്തിയിരുന്നു. കുതിര വിധിയാംവണ്ണം പഠിപ്പിച്ചിരുന്ന കുതിരപ്പടയും സ്കൂളിൽ ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ NCC യുടെ പ്രവർത്തനവും കായികപരിശീലനവും കാര്യക്ഷമമായി നടന്നിരുന്നു. 1972 ൽ സ്കൂളിന്റെ സുവർണ്ണ ജൂബിലി ഭംഗിയായി ആഘോഷിച്ചു. ജൂബിലിയോടനുബന്ധിച്ച് സ്കൂളിൽ 7 ദിവസത്തെ ശാസ്ത്രസാങ്കേതിക പ്രദർശനം നടത്തിയിരുന്നു. പാഠ്യേതര പ്രവർത്തനങ്ങളിലും ഈ വിദ്യാലയം മുന്നിലായിരുന്നു. സംഗീതം, ഡ്രോയിംഗ്, ക്രാഫ്റ്റ്, നെയ്ത്ത് എന്നിവയ്ക്കു പ്രത്യേകം അധ്യാപകരുണ്ടായിരുന്നു. ചെർപ്പുളശ്ശേരിയുടെ ഫുട്ബോൾ പാരമ്പര്യവും എടുത്ത് പറയേണ്ടതാണ്. ക്ലാസ്മുറികളുടെ അപര്യാപ്തതമൂലം 1983 മുതൽ 2004 വരെ സ്കൂളിൽ സെഷണൽ സമ്പ്രദായത്തിലാണ് ക്ലാസുകൾ നടന്നിരുന്നത്. ~~1984ൽ~~ 1990ൽ ചെർപ്പുളശ്ശേരി ഗവ: ഹൈസ്കൂൾ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളായി ഉയർത്തി. 2000ൽ ഹയർസെക്കന്ററി കോഴ്സുകൾ തുടങ്ങി.

ആദ്യകാലത്ത് മെട്രിക്കുലേഷന് വിജയശതമാനം 35–45 ശതമാനമായിരുന്നുവെങ്കിൽ 1951 ആയപ്പോഴേയ്ക്കും അത് 84% പേർ വിജയിക്കുന്ന അവസ്ഥയിലെത്തിയിരുന്നു. ഇപ്പോഴത് 99.70 ശതമാനത്തിലുയർന്നത്. കലാകായിക രംഗത്ത് സബ്ജില്ല മുതൽ സംസ്ഥാനതലം വരെ നമ്മുടെ കുട്ടികൾ മികവ് പുലർത്തുകയും സമ്മാനങ്ങൾ വാങ്ങുകയും ചെയ്യുന്നു. പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും കാണിക്കുന്ന ശ്രദ്ധയാണ് ഇവിടെ പ്രതിഫലിക്കുന്നത്.

# പിന്നിട്ട വഴികൾ

* 1873 ബ്രിട്ടീഷുകാർ മദ്രാസ് പ്രെസിഡൻസിക്കു കീഴിൽ ചെർപ്പുളശ്ശേരിയിൽ ഒരു വിദ്യാലയം
* 1922 - ഹൈസ്കൂളായി മാറി
* 1934 - ഗാന്ധിജിയുടെ വിദ്യാലയ സന്ദർശനം
* 1936 - വിദ്യാലയം ഇപ്പോൾ നിൽക്കുന്ന സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിച്ചു.
* 1950 - സ്കൂൾ ഗ്രൗണ്ടിനരികിലൂടെ ആൽമരങ്ങൾ വരിവരിയായി വെച്ചു പിടിപ്പിച്ചു
* 1957 - എഞ്ചിനീയറിംഗ് കോഴ്സുകൾ ആരംഭിച്ചു
* 1958 - സർക്കാർ സ്കൂൾ ആയി മാറി
* 1972 - കലാമന്ദിരം സ്ഥാപിക്കപ്പെട്ടു.
* 1984 - തൊഴിലധിഷ്ഠിത കോഴ്സുകളുടെ തുടക്കം
* 1990 - വിദ്യാലയം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ആയി
* 1997 - പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു
* 2000 - ഹയർസെക്കന്ററി കോഴ്സുകൾ തുടങ്ങി
* 2016 - SPACE എന്ന പേരിൽ വിദ്യാലയ വികസന സമിതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങി
* 2017 - പുതിയതായി നിർമ്മിച്ച കെട്ടിടങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു
* 2018 - സമാധാനമതിൽ സ്ഥാപിച്ചു
* 2022 - ശതാബ്ദി ആഘോഷിച്ചു
* - കിഫ്ബി കെട്ടിടത്തിന്റെ ഉദ്ഘാടനം

2025- 2026 അക്കാദമിക വർഷം
വിദ്യാർത്ഥികളുടെ എണ്ണം

| SN | Class | Boys | Girls | Total |
|---|---|---|---|---|
| 1 | 5 | 32 | 37 | 69 |
| 2 | 6 | 62 | 62 | 124 |
| 3 | 7 | 65 | 69 | 134 |
| 4 | 8 | 285 | 268 | 553 |
| 5 | 9 | 314 | 275 | 589 |
| 6 | 10 | 320 | 288 | 608 |
| | | 1078 | 999 | 2077 |

# ലക്ഷ്യങ്ങൾ

ഉയർന്ന നിലവാരത്തിലേയ്ക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിയ്ക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് "സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി" ആരംഭിച്ചിട്ടുള്ളത്. വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങളിലൂന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

* 5–10 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും ഓരോ കുട്ടിയുടെയും കഴിവിന്റെ പരമാവധി നേടിയിട്ടുണ്ട്.
* എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിയ്ക്കുന്നതിന് സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിയ്ക്കുന്നതിനും അവസരം നൽകുക
* ഉയർന്ന നിലവാരം നേടുന്നതിനാവശ്യമായ പഠനസാമഗ്രികൾ ഭൗതിക സാഹചര്യങ്ങൾ എന്നിവ ഉറപ്പാക്കുക .

* അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
* ICT അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പുവരുത്തുക.
* കലാ കായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങളൊരുക്കുക.
* ഗവേഷണാത്മക അധ്യാപനത്തിനും പഠനത്തിനും അവസരമൊരുക്കുക.
* പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ പിന്തുണ ഉറപ്പാക്കുക
* ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവത്കരിക്കുക.
* പഠനയാത്രകൾ, ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ സെമിനാറുകൾ തുടങ്ങി വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* കാർഷികസംസ്കാരം വളർത്തിയെടുക്കുക.
* മാലിന്യനിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
* "ലഹരി"ബോധവത്കരണം ശക്തമാക്കുക.
* പ്ലാസ്റ്റിക്, ലഹരി, കീടനാശിനി എന്നിവ ക്യാമ്പസിൽനിന്ന് ഒഴിവാക്കുക.
* ജൈവ വൈവിധ്യോദ്യാനം പ്രാവർത്തികമാക്കുക
* സ്കൂൾ തലത്തിലുള്ള വിവിധ സഹായസംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

* വരും കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
* പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കുക
* കുട്ടികളുടെ സർഗശേഷികളെ പരിപോഷിപ്പിക്കുന്നതിന് പ്രവർത്തനപദ്ധതികൾ രൂപീകരിക്കുക.
* വിദ്യാലയത്തിന്റെ സമസ്തമേഖലകളിലും ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുക
* പ്രാദേശിക ഭൂപടം തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക.

# നിലവിലെ അവസ്ഥാ വിശകലനം

UP യിൽ ഡിവിഷനുകളിലായി കുട്ടികളും. ഹൈസ്കൂളിൽ 43 ഡിവിഷനുകളിലായി കുട്ടികളും പഠിക്കുന്നു. എല്ലാ ക്ലാസ് മുറികളിലും പ്രോജക്ട് സംവിധാനങ്ങളുണ്ട്. ലാബുകൾ, ലൈബ്രറികൾ എന്നിവയുണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പര്യാപ്തമല്ല. ടോയ്‌ലറ്റ് സൗകര്യം, കുടിവെള്ളം പ്രശ്നം എന്നിവയും ഇനിയും പരിഹരിക്കാനുള്ള പ്രശ്നങ്ങളായി തന്നെ നിലനില്ക്കുന്നു. ഇലക്ട്രിസിറ്റിയെ മാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്ന വൈദ്യുതോപകരണങ്ങൾ കുട്ടികളുടെ പഠനത്തെ പലപ്പോഴും ബാധിക്കാറുണ്ട്. പകരം സംവിധാനം കണ്ടെത്തേണ്ടതുണ്ട്. ആവശ്യത്തിന് ക്ലാസ്റൂമുകൾ, പഠനോപകരണങ്ങൾ കളിസ്ഥലങ്ങൾ, അധ്യാപകർ മുതലായവ സ്കൂളിന്റെ എടുത്തുപറയേണ്ട കാര്യങ്ങൾ എല്ലാംതന്നെ സ്കൂളിലുണ്ട്

## നിലവിലെ അവസ്ഥാ വിശകലനം

നിലവിൽ UPയും HSലുമായി 2077 കുട്ടികൾ പഠിക്കുന്നുണ്ട്. UPയിൽ അധ്യാപകരും ഹൈസ്കൂളിൽ അധ്യാപകരും പഠിപ്പിക്കുന്നു. ഇതിനു പുറമെ ഓഫീസിൽ 2 ക്ലർക്കുമാരും 3 FTMഉം ഉണ്ട്. വിഷയാടിസ്ഥാനത്തിലുള്ള അധ്യാപകരുടെ കണക്ക്.

**HS**

- ഗണിതം – 10
- ഇംഗ്ലീഷ് – 10
- സോഷ്യൽ സയൻസ് – 10
- ഫിസിക്കൽ സയൻസ് – 8
- നാച്ചുറൽ സയൻസ് – 5
- മലയാളം – 8
- ഹിന്ദി – 5
- സംസ്കൃതം – 1
- അറബിക് – 3
- ഉറുദു – 1
- കല – 1
- കായികം – 1
- പ്രവർത്തിപരിചയം – 1

# നേട്ടങ്ങൾ

കഴിഞ്ഞവർഷം 777 കുട്ടികൾ SSLC പരീക്ഷ എഴുതി അതിൽ 775 കുട്ടികളും ഉന്നത പഠനത്തിന് അർഹത നേടി 80 കുട്ടികൾക്ക് full A+ ഉം നേടാൻ കഴിഞ്ഞു. കൂടാതെ 9 കുട്ടികൾ NMMS പരീക്ഷ പാസായി (സ്കോളർഷിപ്പ്)

ഈ വർഷം 677 കുട്ടികൾ SSLC പരീക്ഷ എഴുതി 675 കുട്ടികളും ഉപരിപഠനത്തിന് അർഹത നേടി 96 കുട്ടികൾ full A+ നേടി 2 കുട്ടികൾക്ക് NMMS സ്കോളർഷിപ്പ് നേടാൻ സാധിച്ചു.

ശാസ്ത്രമേളകളിലും, കലാമേളകളിലും സാമൂഹ്യശാസ്ത്രമേളകളിലും കായികമേള പ്രവൃത്തിപരിചയ മേള എന്നിവയിലും നമ്മുടെ കുട്ടികളും അധ്യാപകരും സംസ്ഥാനതല വിജയികളാവാറുണ്ട്.

## ക്ലബ്ബുകൾ

വിഷയാടിസ്ഥാനത്തിലുള്ള എല്ലാ ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട് കൂടാതെ

NCC
SPC
JRC
Scouts Guides
ഹരിതസേന
നല്ലപാഠം
Stream
YIP
ടീൻസ് ക്ലബ്ബ്
ലഹരി വിരുദ്ധ ക്ലബ്ബ്
ലിറ്റിൽ കൈറ്റ്സ്
ഊർജ്ജസംരക്ഷണ ക്ലബ്ബ്
ശുചിത്വ ക്ലബ്ബ്

## ഭൗതിക പരിമിതികൾ

* ഐടി ലാബ്, സയൻസ് ലാബ്, ലൈബ്രറി, ഭക്ഷണശാല, വായനാമുറി, പെൺകുട്ടികൾക്കുള്ള വിശ്രമമുറി എന്നിവ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ക്രമീകരിക്കേണ്ടതുണ്ട്.
* ഇൻസിനറേറ്റർ സൗകര്യം കൂട്ടേണ്ടതുണ്ട്.
* എല്ലാകുട്ടികൾക്കും മഴയും വെയിലും കൊള്ളാതെ അസംബ്ലി നടത്താനുള്ള സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്.
* പൂന്തോട്ടം ജൈവവൈവിധ്യ പാർക്ക് എന്നിവ നവീകരിക്കേണ്ടതുണ്ട്.

## അക്കാദമിക പരിമിതികൾ

* വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്.
* ലൈബ്രറി, ലാബ് എന്നിവ ആധുനികവത്കരിക്കണം.
* ലാബുകളിൽ ആധുനിക ഉപകരണങ്ങൾ സജ്ജമാക്കണം.
* കലാ കായിക പരിശീലനത്തിന് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല.
* പ്രവർത്തിപരിചയ സാമഗ്രികളുടെ അഭാവം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ പലപ്പോഴും ബാധിക്കുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## അക്കാദമികം

ഭാഷാശേഷി വികസനം
ഗണിതശേഷി വികസനം
ഇംഗ്ലീഷ്, ഹിന്ദി മലയാളം പഠന പരിപോഷണം
ഐ.ടി പരിശീലനം
കലാകായിക ശാസ്ത്രമേളകൾ
വായനാപരിപോഷണം
പ്രതിഭാ പോഷണ പരിപാടി
ലൈബ്രറി ശാക്തീകരണം
പഠനയാത്രകൾ
സെമിനാറുകൾ
SRG ശാക്തീകരണം
ശില്പശാലകൾ
ദിനാചരണങ്ങൾ
കായിക പഠനം
ബ്രിഡ്ജ് കോഴ്സുകൾ
വിജയഭേരി ക്ലാസുകൾ
ഫീൽഡ് ട്രിപ്പുകൾ

## ഭൗതികം

വായനാ മുറി
വിവിധ ലാബുകൾ
മ്യൂസിയം
ചുറ്റുമതിൽ
മൾട്ടിമീഡിയ റൂം
ഡൈനിംഗ് ഹാൾ
ഉദ്യാനം
ഭാഷോത്സവം
ഗണിതോത്സവം
ശാസ്ത്രോത്സവം
IT മേള
കലാകായിക പ്രവർത്തി
പരിചയമേള
ക്ലാസ് ലൈബ്രറി
ഭിന്നശേഷിക്കുട്ടികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങളും

## സാമൂഹികം

- PTA ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസനസമിതി
- എസ് എസ് എൽ സി ജാഗ്രതാസമിതി കാര്യക്ഷമമാക്കൽ
- ക്ലാസ് PTA മാതൃകാപരമായ നടത്തിപ്പിനുള്ള പരിപാടികൾ
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ
- ഭവന സന്ദർശനം
- ഗ്രന്ഥശാലകൾ ക്ലബുകൾ സന്നദ്ധസംഘടനകൾ വിദ്യാലയ പ്രവർത്തനങ്ങൾക്ക് പൂർവ്വ അധ്യാപകർ, സന്നദ്ധസ്ഥാപനങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

* കുട്ടികളുടെ പഠനവേഗതക്കനുസരിച്ച് പഠിക്കാനുള്ള അവസരം ലഭിക്കുന്നു.
* ശിശുകേന്ദ്രീകൃത വിദ്യാഭ്യാസരീതി നടപ്പിലാക്കാൻ കഴിയുന്നു.
* വിദ്യാർത്ഥികളിൽ സ്നേഹവും സഹവർത്തിത്വവും വളരുന്നു.
* കുട്ടികൾക്ക് അഭിരുചിക്കനുസരിച്ച് പഠിക്കാൻ കഴിയുന്നു.
* വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ ഒരു കൂട്ടായ്മ രൂപപ്പെടുന്നു.
* കുട്ടികളെ ഉത്തമ പൗരന്മാരായി മാറ്റാൻ കഴിയുന്നു.
* രാഷ്ട്രപുരോഗതിക്കുള്ള വഴികൾ കണ്ടെത്താനും പിന്തുടരാനും കുട്ടികൾക്ക് കഴിയും.
* കൗമാരക്കാരായ കുട്ടികളുടെ മാനസിക ശാരീരിക പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും.

## മോണിറ്ററിംഗ്

* സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ മുൻഗണനാക്രമത്തിൽ നടപ്പാക്കും
* മാസത്തിൽ രണ്ടുപ്രാവശ്യം SRG യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തും
* ക്ലാസ് PTA യോഗങ്ങളിലും വിലയിരുത്തും
* ഓരോ വിഷയവുമായി ബന്ധപ്പെട്ട പരിപാടികൾ കൃത്യമായി നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യും.

## ഉപസംഹാരം

ചെർപ്പുളശ്ശേരി ഹൈസ്കൂൾ തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന്റെ സമഗ്രപുരോഗതിക്കുവേണ്ടി തയ്യാറാക്കിയതാണ് ഇത് മേൽനടപടികൾക്കായി സമർപ്പിക്കുന്നു.

# ACADEMIC MASTER PLAN-BIOLOGY

| Sl NO | AIM | ACTIVITY | DURATION | RESPONSIBILITY | SOURCE OF FUND |
|---|---|---|---|---|---|
| 1 | <u>SciCraft:</u><br>ജീവശാസ്ത്ര പഠനത്തിൽ ക്രിയാത്മകതയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന് | 8,9,10 ബയോളജി പാഠഭാഗങ്ങൾ ഏടിസ്ഥമാക്കാൻ അനുയോജ്യമായ മോഡലുകൾ നിർമ്മിക്കുന്നു. | ഏകദിന ശില്പശാല<br>കൂടാതെ<br>അക്കാദമിക വർഷം മുഴുവനും | ജീവശാസ്ത്ര അധ്യാപകർ | PTA,നഗരസഭ |
| 2 | <u>EcoGenesis:</u><br>ജീവശാസ്ത്ര പഠനത്തിൽ നിരീക്ഷണം ശേഖരണം പഠനയാത്ര ഇവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | പഠനയാത്ര .ഹെർബേറിയം നിർമ്മിക്കുന്നതിന് ആവശ്യമായവ ശേഖരിക്കൽ<br>ജൈവവൈവിധ്യ സംരക്ഷണത്തിൽ സർപ്പക്കാവുകളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | ഒക്ടോബർ | ജീവശാസ്ത്ര അധ്യാപകർ | PTA,നഗരസഭ |

| | | | | | |
|---|---|---|---|---|---|
| 3 | **BioFusion:**<br>ജീവശാസ്ത്ര പഠനത്തിൽ സാങ്കേതിവിദ്യയുടെ ഉപയോഗം മനസ്സിലാക്കുന്നതിന് | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഭ്യമായ വീഡിയോകൾ സമഗ്ര ലേണിങ് റിസോഴ്സ് ചോദ്യ ബാങ്ക് ഇവ പരിചയപ്പെടുന്ന ഉപയോഗപ്പെടുത്തുന്ന | സാങ്കേതിക വിദ്യയുടെ അടിസ്ഥാനവശം പരിചയപ്പെടുന്നതിന് ജൂലൈ മാസത്തിലെ ഒരു ദിവസം.<br>അക്കാദമിക വർഷം മുഴുവനും | ജീവശാസ്ത്ര അധ്യാപകർ | |
| 4 | **Biospark:**<br>ജീവശാസ്ത്ര ലാബ് നവീകരിക്കുന്നതിന് | ലാബ് നവീകരണവുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞരുടെ ഫോട്ടോയും അവരുടെ സംഭാവനകളും തയ്യാറാക്കൽ, ലാബിലേക്ക് ആവശ്യമായ അനുബന്ധ സാമഗ്രികളുടെ ശേഖരണം | അക്കാദമിക വർഷം മുഴുവനും | ജീവശാസ്ത്ര അധ്യാപകർ, | PTA,നഗരസഭ |
| 5 | **Genovation:**<br>ജീവശാസ്ത്രത്തിൽ ജനിതകശാസ്ത്രത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന് | ജനിതക ശാസ്ത്രത്തിന്റെ മേഖലയിൽ വൈദഗ്ദ്യം നേടിയ വ്യക്തിയുടെ ക്ലാസ് | ആഗസ്റ്റ് | ജീവശാസ്ത്ര അധ്യാപകർ | PTA,നഗരസഭ |

# ഗണിതം - മാസ്റ്റർ പ്ലാൻ 2025 - 26

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| മികച്ച പഠനാനുഭവം ഗണിത പഠനത്തിന്റെ ഭാഗമാക്കാൻ | • ഗണിത ലാബ് സജ്ജീകരിക്കൽ<br>• ലളിതമായ കേളികളിലൂടെയും മാതൃകാ പ്രോജക്ടുകളിലൂടെയും. | ജൂൺ - ആഗസ്റ്റ്<br>ജൂൺ | Room<br>മൊഡ്യൂൾ | 20,000<br>1000 | HM, PTA<br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ<br>SSG, രക്ഷിതാക്കൾ. |
| ഗണിതത്തിൽ താല്പര്യം ഉണ്ടാക്കാൻ | ICT Based ഗണിതപഠനം | വർഷം മുഴുവൻ | മൊഡ്യൂൾ | 2000 | SSG |
| ഗണിതപഠനം ആസ്വാദ്യകരമാക്കാൻ | പ്രകൃതിയിലെ ഗണിതം<br>പ്രകൃതിയിൽ ഗണിതാശയങ്ങൾ വരുന്ന സന്ദർഭങ്ങൾ കണ്ടെത്തുന്നു.<br>ഗണിതം നിത്യജീവിതത്തിൽ<br>ക്ലാസ്സ് തല ചർച്ചകൾ സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | ക്ലാസ്സ് റൂം | | SSG |
| ചെയ്ത് പഠിക്കുന്ന ശീലം ഉണ്ടാക്കാൻ | മുന്നറിവ് പരിശോധിക്കുന്നതിനും പരിഹാര ബോധനത്തിനും മൊഡ്യൂളുകൾ തയ്യാറാക്കി നൽകുന്നു. | വർഷം മുഴുവൻ | വർക്ക് ഷീറ്റുകൾ | 3000 | SSG<br>രക്ഷിതാക്കൾ |
| ഗണിത ക്ലബ്ബിന്റെ പ്രവർത്തനം | ക്വിസ്സ് മത്സരം, മനക്കണക്ക് മത്സരം, ഗണിതപ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കുന്നു. | ജൂൺ - ഫെബ്രുവരി | ചാർട്ടുകൾ മോഡലുകൾ | 2000 | SSG<br>ഗണിതക്ലബ്ബ് |

Master Plan - Malayalam

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല / സാമ്പ…കം |
| --- | --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡുകൾ<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം – അടിക്കുറിപ്പ്, കഥ എഴുതൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ആദ്യത്തെ രണ്ടാഴ്ച | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br>ചാർട്ട്, .... | അധ്യാപകർ,<br>പി.ടി.എ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>സമീപ ഗ്രന്ഥശാല സന്ദർശനം, - അംഗത്വം<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന, ആനുകാലികങ്ങൾ<br>പുസ്തക ചർച്ച<br>വായനാനുഭവം പങ്കുവെക്കൽ<br>വായനാക്കുറിപ്പ് – പതിപ്പ്<br>ആസ്വാദനക്കുറിപ്പ്, ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ, ആനുകാലികങ്ങൾ, ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | പി.ടി.എ<br>അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയുടെ കലാവാസന പരിപോഷിപ്പിക്കുക | വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>കവിത/കഥ/. ശില്പശാലകൾ<br>നാടകക്കളരി<br>നാടൻപാട്ട് സംഘം രൂപീകരിക്കൽ<br>കഥകളി ശില്പശാല<br>സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>ദിനാചരണങ്ങൾ - | 10 മാസം | വിദഗ്ധ ഫാക്കൽറ്റികൾ,<br>ഹാൾ സജ്ജീകരണം | അധ്യാപകർ<br>പി.ടി.എ<br>SMC |
| കുട്ടിയെ കൊച്ചു എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം രൂപീകരണം<br>പുസ്തകചർച്ച<br>വായനാക്കുറിപ്പ് - പതിപ്പ്<br>വിവിധ സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>ചുമർപത്രിക, ക്ലാസ് പത്രം<br>വിവിധ പതിപ്പുകൾ<br>മാഗസിൻ നിർമാണം<br>വ്യക്തിഗത രചന, സംഘരചന<br>സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>സംവാദം<br>സാഹിത്യസാംസ്കാരിക സ്ഥാപനങ്ങൾ സന്ദർശിക്കൽ | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ<br>ഫോട്ടോകൾ | പി.ടി.എ<br>അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല/സാമ്പ |
| --- | --- | --- | --- | --- |
| ദസ്സിനെ<br>ഭിമുഖീകരി<br>ൻ പ്രാപ്ത<br>ക്കുക | പ്രസംഗ പരിശീലനക്കളരി<br>വിവിധ വിഷയങ്ങൾ നൽകി<br>പ്രസംഗം തയ്യാറാക്കുക<br>മികച്ച പ്രസംഗങ്ങളുടെ<br>ഓഡിയോ /വീഡിയോ കേൾപ്പി<br>ക്കൽ<br>പ്രസംഗം അവതരിപ്പിക്കാനുള്ള<br>വേദികൾ സജ്ജമാക്കുക | 6 മാസം<br>(ജൂലൈ-<br>ഡിസംബർ) | ഓഡിയോ<br>വീഡിയോ<br>വിദഗ്ധർ | ട്രെയിനർ,<br>അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ – സോഷ്യൽ സയൻസ്

## സാമൂഹ്യശാസ്ത്ര ലാബ്

**പശ്ചാത്തല വിശകലനം :-**

ഹൈസ്കൂൾ ക്ലാസുകളിൽ പാഠഭാഗങ്ങളുടെ ബാഹുല്യം കാരണം കുട്ടികൾക്ക് ശരിയായ രീതിയിൽ പാഠഭാഗങ്ങൾ ഉൾക്കൊള്ളുന്നതിനുള്ള പ്രയാസം മനസ്സിലാക്കാൻ കഴിഞ്ഞു. ശരിയായ ആശയഗ്രഹണത്തിനും ആഴത്തിലുള്ള വിവരശേഖരണത്തിനും പാഠപുസ്തകങ്ങൾ അപര്യാപ്തമാണ് എന്ന് ബോധ്യപ്പെടുകയും സാമൂഹ്യശാസ്ത്രലാബ് സജ്ജീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**പ്രതീക്ഷിത നേട്ടങ്ങൾ**

സമൂഹ വികാസ പ്രക്രിയയിൽ മനുഷ്യ–പ്രകൃതി ബന്ധത്തിന്റെ പ്രസക്തി ബോധ്യപ്പെടുക

മനുഷ്യ- സമൂഹ വളർച്ചാ- ഘട്ടങ്ങളെ കുറിച്ച് പഠിക്കുന്നതിനും നിഗമനങ്ങൾ.

രൂപപ്പെടുത്തുന്നതിനും പ്രാപ്തനാക്കുക.

സാമ്പത്തിക സംവിധാനങ്ങൾ തിരിച്ചറിഞ്ഞ് പൊതുസമൂഹത്തിന് ഗുണകരമായ ഇടപെടലുകൾക്ക് അവസരം നൽകുക.

ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കാനുള്ള മനോഭാവം വളർത്തിയെടുക്കുക.

പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗം, ദരിദ്രവൽക്കരണ പ്രക്രിയ എന്നിവയെക്കുറിച്ച് ധാരണ രൂപീകരിക്കുക.

നീതിയുക്തമായ സാമൂഹ്യവ്യവസ്ഥക്ക് വേണ്ടി നിലകൊള്ളാൻ പ്രാപ്തരാക്കുക.

വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളും അവയുടെ രീതി ശാസ്ത്രവും പരിചയപ്പെടുത്തുക.

സാംസ്കാരിക വൈവിധ്യം കാത്തുസൂക്ഷിക്കാനുള്ള മനോഭാവം വളർത്തിയെടുക്കുക.

ഭരണഘടന, മൂല്യങ്ങളിൽ അധിഷ്ഠിതമായ ആദർശങ്ങൾ പ്രോത്സാഹിപ്പിക്കുക.

ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന അവബോധം - വളർത്തുക.

| നമ്പർ | പ്രവർത്തനഘട്ടങ്ങൾ | നിർവഹണ കാലഘട്ടം |
| --- | --- | --- |
| 1 | സാമൂഹ്യ ശാസ്ത്ര പഠനത്തിൽ സാമൂഹ്യശാസ്ത്ര ലാബിന്റെ ആവശ്യകത തിരിച്ചറിയുന്നു. SRG യിൽ ചർച്ച ചെയ്യുന്നു. | ജൂൺ രണ്ടാമത്തെ ആഴ്ച |
| 2 | ലാബ് സജ്ജീകരിക്കാൻ ആവശ്യമായ സ്ഥലം കണ്ടെത്തുകയും സ്കൂളിലുള്ള ഗ്ലോബ്, അറ്റ്ലസ്, ഭൂപടങ്ങൾ, മോഡലുകൾ, ചാർട്ടുകൾ തുടങ്ങിയവ സജ്ജീകരിക്കുന്നു. | ജൂൺ അവസാനത്തെ ആഴ്ച |
| 3 | കൂടുതൽ സജ്ജീകരണങ്ങൾ ഉൾപ്പെടുത്തേണ്ടതിനെ കുറിച്ച് Subject council ൽ ചർച്ച ചെയ്യുന്നു | ജൂലൈ ആദ്യത്തെ ആഴ്ച. |
| 4 | സാമ്പത്തിക ചിലവുകളെ കുറിച്ച് PTA യിൽ ചർച്ച നടത്തുന്നു. | ജൂലൈ അവസാനത്തെ ആഴ്ച |
| 5. | സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരിച്ച് ക്ലബ്ബിന്റെ സഹായത്തോടെ പുരാവസ്തുക്കൾ, നാണയങ്ങൾ മോഡലുകൾ എന്നിവ ശേഖരിക്കുന്നു | ആഗസ്റ്റ് രണ്ടാമത്തെ ആഴ്ച. |

| | | |
|---|---|---|
| 6 | സാമൂഹ്യശാസ്ത്ര മേളയുടെ മുന്നോടിയായി കുട്ടികളെക്കൊണ്ട് വിവിധ ചാർട്ടുകൾ, മോഡലുകൾ എന്നിവ തയ്യാറാക്കാൻ ആവിശ്യപ്പെടുന്നു. | സെപ്റ്റംബർ രണ്ടാമത്തെ ആഴ്ച |
| 7 | കുട്ടികൾ തയ്യാറാക്കിയവയിൽ നിന്നും മികച്ചവ കണ്ടെത്തി സാമൂഹ്യ ശാസ്ത്ര ലാബിൽ ഉൾപ്പെടുത്തുന്നു. | ഒക്ടോബർ ആദ്യ ആഴ്ച |
| 8 | 8, 10 ക്ലാസുകളിൽ രേഖാംശം, അക്ഷാംശം, സമയനിർണയം പ്രദേശങ്ങളുടെ സ്ഥാനങ്ങൾ എന്നിവ കണ്ടെത്തുന്നതിനും സൂര്യന്റെ സാങ്കൽപിക സ്ഥാനം മനസ്സിലാക്കുന്നതിനും ഗ്ലോബ് ഉപയോഗിക്കുന്നു | |
| 9. | 10ാം ക്ലാസിലെ മർദ്ദമേഖലകൾ കണ്ടെത്തുന്നതിനും സൂര്യന്റെ സ്ഥാനം മനസിലാക്കുന്നതിനും ഗ്ലോബ് ഉപയോഗിക്കുന്നു. | |
| 10 | അറ്റ്ലസ്, ഭൂപടങ്ങൾ, എന്നിവയുടെ സഹായത്തോടെ വിവിധ രാജ്യങ്ങളുടെ സ്ഥാനം, പ്രത്യേകതകൾ എന്നിവ കണ്ടെത്തുന്നു. | |

അക്കാദമിക മാസ്റ്റർ പ്ലാൻ - തൊഴിൽ ഉദ്ദേശിത വിദ്യാഭ്യാസം

<u>വർക്ക് ഇന്റഗ്രേറ്റഡ് എഡ്യുക്കേഷൻ ലാണ്</u>:

<u>അവസ്ഥാവിശകലനം</u> :-

പ്രവർത്തനാധിഷ്ഠിത പഠനത്തിലൂടെ പഠനം കൂടുതൽ ആ-
യാസ രഹിതമാക്കുവാനും അറിവ് ഉത്പാദനത്തിന്റെ വഴികൾ
കൂടുതൽ സുഗമമാക്കുവാനും സാധിക്കുന്നു.

<u>പ്രതീക്ഷിത നേട്ടങ്ങൾ</u>:-

* സ്വയാവബോധം സാധ്യമാക്കുന്നു.
* പാഴ്വസ്തു പരിപാലനം
* സംരംഭകത്വ നൈപുണി
* പ്രശ്ന പരിഹാര നൈപുണി.

* സ്വയം തൊഴിൽ പരിജ്ഞാനം
* സാമ്പത്തിക സുരക്ഷ
* തൊഴിൽ മനോഭാവം

| ക്രമ നമ്പർ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലഘട്ടം |
|---|---|---|
| 1 | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിൽ ലാബിന്റെ ആവശ്യകത തിരിച്ചറിയുന്നു. ചർച്ച ചെയ്യുന്നു. | ജൂൺ. |
| 2 | വിഷയാവബോധം നടത്തുന്നു. പുതിയ പാഠ്യപദ്ധതി സമീപനവും അതിനെക്കുറിച്ചുള്ള അവബോധം നൽകൽ | |

| | | |
|---|---|---|
| 3 | ക്ലബ്ബിനോടൊപ്പം ഗ്രൂപ്പ് തല പ്രവർത്ത-നങ്ങൾക്കാവശ്യമായ സജ്ജീകരണങ്ങ-ളെക്കുറിച്ചുള്ള ചർച്ച | ജൂലൈ |
| 4 | സ്കൂൾതല മേളയ്ക്ക് കുട്ടികൾക്ക് നിർദ്ദേശം നൽകുന്നു. പുതിയ വസരങ്ങളെക്കുറിച്ചുള്ള അവബോധം നൽകുന്നു | ആഗസ്ത് |
| 5 | പാഴ്വസ്തു പരിപാലന പ്രദർശനം നടത്തുന്നതിനോടൊപ്പം ലാബിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നു | സെപ്റ്റംബർ |

| | | |
|---|---|---|
| 6 | സബ് ജില്ലാ മേളകൾക്ക് കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകുന്നു. | ഒക്ടോബർ |
| 7 | ക്രിയേറ്റീവ് കോർണർ – കുട്ടികൾക്ക് അവബോധം നൽകുന്നു. സർഗ്ഗ നൈപുണികളെ പരിപോഷിപ്പിക്കുന്നു | നവംബർ |
| 8 | പഠനവൈകല്യ വിശകലനങ്ങളോടൊപ്പം പരിഹാരബോധനം | ഡിസംബർ |
| 9 | ലാബ് സജ്ജീകരണം | ജനുവരി |
| 10 | ലാബ് ഉപകരണങ്ങളുടെ വിലയിരുത്തൽ | ഫെബ്രുവരി |

| | | |
|---|---|---|
| 11 | അക്കാദമിക പ്രവർത്തനങ്ങളുടെ ആന്തരികമായ വിലയിരുത്തലും, വിശകലനവും | മാർച്ച് |

# ACADEMIC MASTER PLAN - PHYSICS - 2025 - 2026

| …ക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| …ശാസ്ത്ര നൈപുണ്യം …പ്പിക്കുന്നതിനായി … Physics club …നം ഊർജ്ജിതപ്പെടുത്തുന്നു. | → പ്രവർത്തന രൂപരേഖ തയ്യാറാക്കുന്നു.<br>→ ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ ലാബ് പരീക്ഷണങ്ങൾ പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | Super Physics Club അംഗങ്ങൾ, ഫിസിക്സ് അധ്യാപകർ | Super Physics Club |
| …ാം ക്ലാസിലെ A+ നിലവാരം, …ുന്നതിനായി 'മികവ്' …ക കുട്ടികൾക്കായി …ങ്ങ്' | → യൂണിറ്റ് ടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തുന്നു. പ്രത്യേകം ഗ്രൂപ്പുകളാക്കി തിരിച്ച് Application നിലവാരത്തിലുള്ള ചോദ്യങ്ങൾ നൽകുന്നു.<br>→ പിന്നോക്ക കുട്ടികൾക്കായി അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കാൻ പ്രത്യേകം Notes തയ്യാറാക്കി നൽകുന്നു. | June | ഫിസിക്സ് അധ്യാപകർ | ഫിസിക്സ് അധ്യാപകർ |
| …ന്റ് സയൻസ് ഡയറി | → Teacher kit, Student kit എന്നിവ ഉപയോഗിച്ച് പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ഓരോ കുട്ടിയും കണ്ടെത്തുന്ന ആശയങ്ങൾ സയൻസ് ഡയറിയിൽ രേഖപ്പെടുത്തുന്നു. | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപകർ | |
| …le Scientist | ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ കിട്ടുന്ന മെച്ചപ്പെട്ട ഉൽപന്നങ്ങളെ Physics ലാബിലെ Students ടേബിളിൽ പ്രദർശിപ്പിക്കുന്നു. ബാക്കിയുള്ള കുട്ടികൾക്ക് അത് നിരീക്ഷിക്കാനും നിഗമനത്തിലെത്താനുമുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപകർ | കുട്ടികൾ |

| ...ങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...രീക്ഷണ കൗതുകം | പാഠ പുസ്തകത്തിലെ ആശയങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ ഉയർന്ന തലത്തിൽ പരീക്ഷണങ്ങൾ ചെയ്യുവാൻ ലാബിൽ കുട്ടികൾക്ക് സൗകര്യം നൽകുന്നു. ഈ പരീക്ഷണങ്ങൾ മറ്റു കുട്ടികൾ നിരീക്ഷിച്ച് നിഗമനത്തിലെത്തുന്നു. | July, August | Physics അധ്യാപകർ | PTA |
| ...n Page | ക്ലാസ് റൂം പ്രവർത്തന ആശയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് Seminar, പ്രബന്ധങ്ങൾ, Quiz questions, നൂതന കണ്ടെത്തലുകൾ എന്നിവ ലാബിലെ Open Page ൽ പ്രദർശിപ്പിക്കുന്നു. മറ്റ് കുട്ടികൾക്ക് വായിക്കാനുള്ള സൗകര്യം ഒരുക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപകർ | |
| ...ിക്കാം വളരാം | സയൻസ് സംബന്ധമായ കാര്യങ്ങൾ കൂടുതൽ അറിയാനുള്ള resources - ബുക്കുകൾ, മാഗസിനുകൾ എന്നിവ ലാബിലെ resource corner ലൂടെ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപകർ, കുട്ടികൾ | PTA |
| ...ഷണാത്മക Project ...നുള്ള ശേഷി) | വിദഗ്ദരുടെ ക്ലാസുകൾ | October | ഫിസിക്സ് അധ്യാപകർ | ഫിസിക്സ് അധ്യാപകർ |

| …ങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| …ലയിരുത്താൻ | ക്ലാസ് തല പ്രവർത്തനങ്ങൾക്ക് Worksheet, Unit test, Lab kit, Chart എന്നിവ പ്രയോജനപ്പെടുത്തുന്നു | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപകർ | |
| …ിക്ഷണ പാടവം, …പര്യവേക്ഷണത്തിലൂടെ …വികസനത്തിലൂടെ …തലമുറയെ കെട്ടി …തിന് ഇടയാക്കും … | പഠനയാത്ര | January | സയൻസ് അധ്യാപകർ | കുട്ടികൾ |
| …കവ് | ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും കിട്ടിയ ഏറ്റവും മികവാർന്ന ഉല്പന്നങ്ങളെ സ്കൂൾ തലത്തിൽ പ്രദർശനം സംഘടിപ്പിച്ച് എല്ലാ കുട്ടികൾക്കും കാണാനുള്ള അവസരം ലഭ്യമാകുന്നു. | February | സയൻസ് അധ്യാപകർ | PTA |

# CHEMISTRY

## ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലഘട്ടം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്ര താല്പര്യം വർധിപ്പിക്കൽ: ശാസ്ത്രത്തോടുള്ള കൗതുകം, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കൽ | * പരീക്ഷണത്തിലൂന്നിയ ക്ലാസുകൾക്ക് മുൻഗണന നല്കുന്നു. ലഘുപരീക്ഷണങ്ങൾ കുട്ടികളെക്കൊണ്ട് തന്നെ ചെയ്യിപ്പിക്കുന്നു.<br>* നിത്യജീവിതത്തിലെ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ<br>* പാഠഭാഗവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം, ശാസ്ത്രശില്പശാലകൾ | അക്കാദമിക വർഷം മുഴുവൻ | സയൻസ് അധ്യാപകർ | സയൻസ് അധ്യാപകർ |
| ശാസ്ത്രലോകം പരിചയപ്പെടൽ: ശാസ്ത്രലോകത്തെ നൂതന കണ്ടുപിടുത്തങ്ങളും വാർത്തകളും പരിചയപ്പെടൽ | * പുതിയ ആശയങ്ങളുമായി ബന്ധപ്പെട്ട പേപ്പറുകൾ പരിചയപ്പെടൽ<br>* 'Science news corner' നിർമ്മാണം. | | | |

| | | | | |
|---|---|---|---|---|
| | * ക്വിസുകൾ, സെമിനാറുകൾ, Project- തുടങ്ങിയവയിൽ പങ്കെടുക്കൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് അധ്യാപകർ |
| ഹൈടെക് ക്ലാസ് ...വികതയിൽ ...ന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | * ശാസ്ത്രബോധത്തിനായി കൂടുതൽ ICT യുടെ ഉപയോഗം * സയൻസ് ലാബ്, ശാസ്ത്ര ലൈബ്രറി തുടങ്ങിയവയുടെ മെച്ചപ്പെടുത്തൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്, PTA |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ | * തണൽ വൃക്ഷങ്ങൾ, ചെടികൾ, നട്ടുപിടിപ്പിക്കാനുള്ള പ്രോത്സാഹനം * പ്ലാസ്റ്റിക് നിരോധന ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ, ഹരിതസേന, പരിസ്ഥിതി ക്ലബ് | സയൻസ് ക്ലബ്, പരിസ്ഥിതി ക്ലബ്, പി.ടി.എ. |
| ക്ലാസുകളിലെ പഠനത്തിലെ വിവിധ വിഭാഗക്കാർക്കായി പ്രത്യേക പദ്ധതികൾ | * പഠനത്തിലെ മുന്നോക്ക-പിന്നോക്കക്കാർക്കായി പ്രത്യേക പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് അധ്യാപകർ, PTA |

## GHSS CHERPULASSERY

## ENGLISH SUBJECT COUNCIL
## ACADEMIC MASTER PLAN 2025-26

### AUDIO LAB FOR IMPROVING LISTENING SKILLS

**Introduction**

Acquisition of language demands a thorough and deliberate effort. Therefore a comprehensive master plan is inevitable for a creative teaching learning process.

**An analysis of the current scenario regarding language learning in our school:**

It has been found that a large number of children in our school are very poor in achieving the four basic skills in language ; listening, speaking, reading and writing. One reason for the lack of language skills in school children is the lack of opportunity to listen to the language being spoken .

**Proposed Plan:**

The English Subject Council has found order to tackle this problem an audio lab will enhance the language skills of children to a great extent. Therefore the council has decided to set up an Audio Lab utilising the limited existing infrastructural and financial capital in the school.

**Objectives:**

To enhance the listening skills of the children and thereby motivating them to learn other language skills
To familiarise children the different varieties of spoken forms of English
To enable children to speak English on their own
To develop creativity among children by enabling them to produce audio materials based on everyday life
To develop an Audio Language Lab which facilitates language learning with ease and fun activities
To develop social commitment , fruitful friendship, positive behaviour and sense of responsibility in children

| Sl No | Phases of the Plan Implementation | Period |
|---|---|---|
| 1 | The need for setting up an audio lab is identified in the subject council. The plan is discussed in the council | Third week of June |
| 2 | The plan is introduced in the SRG | Fourth week of June |
| 3 | The plan is introduced in the school PTA. Financial and moral support is sought | July |

| | | |
|---|---|---|
| 4 | A room convenient to set up the lab is identified. | By the end of July |
| 5 | Basic infrastructure like furniture, audio system, etc are installed | First week of August |
| 6 | Audio Lab starts functioning. Schedule prepared for each class | Fourth week of August |
| 7 | Need for further development of the lab is discussed in the subject council | First week of September |
| 8 | More audio visual units like computer system and LCD Projector installed | October |
| 9 | Regular sessions conducted as per the schedule. | October onwards |

അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്
ജി എച്ച് എസ് എസ് ചെർപ്പുളശ്ശേരി

മേഖല: അക്കാദമികം    വിഷയം :അറബി

പ്രശ്നം : സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു.

ലക്ഷ്യം :എല്ലാ കുട്ടികളേയും മികച്ച വായനക്കാരാക്കുക

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം വളരാം | അവസ്ഥാപഠനം | ജൂൺ- 19-25 | AT | 100 |
| | വിശകലനം | ജൂൺ- 30 | AT | |
| | വായനാസാമഗ്രികൾ ശേഖരിക്കൽ (കാർഡുകൾ,പുസ്തകങ്ങൾ,....) | ജൂലൈ 1-15 | PTA,A C | 1000 |
| | തുടർ വായന | ജൂലൈ-15 മാർച്ച്-15 | AT | |
| | ആശയാവതരണം | weekly | AC | |
| | വായനാ ഫെസ്റ്റ് | മാർച്ച്-10 | PTA,A C | 1500 |

പ്രശ്നം :സ്വതന്ത്ര ആശയവിനിമയത്തിന്ന് പ്രയാസം നേരിടുന്നു.

ലക്ഷ്യം: ആശയ വിനിമയശേഷി വർദ്ധിപ്പിക്കൽ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Walk with arabic | മെറ്റീരിയൽ ശേഖരിക്കൽ | July-1-25 | PTA,A C | |
| سيروا مع العربية | കേൾക്കാം പറയാം | ജൂൺ- മാർച്ച് | AT | |

പ്രശ്നം : നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു.

ലക്ഷ്യം: എല്ലാ കുട്ടികളേയും നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നു.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വളരുന്ന നിഘണ്ടു | നിഘണ്ടു പരിചയം | ജൂൺ- ആഗസ്റ്റ് | AT | |

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വളരുന്ന നിഘണ്ടു | എന്റെ സ്വന്തം നിഘണ്ടു | സെപ്തംബർ-മാർച്ച് | A C | 500 |

പ്രശ്നം : പദസമ്പത്തിന്റെ കുറവ്

ലക്ഷ്യം :പദസമ്പത്ത് വർദ്ധിപ്പിക്കൽ,അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരക്ഷരം ഒരുപാട് പദങ്ങൾ<br>حرف واحد الفاظ عديدة | പദച്ചങ്ങല | ജൂൺ-മാർച്ച് | AT | |
| | പദപ്പയറ്റ് | weekly | A T | 500 |
| ക്ലബ്ബ് ശാക്തീകരണം | അലിഫ് അറബിക് രൂപീകരണം | ജൂൺ -25 | | |
| | പ്രവർത്തനക്കലണ്ടർ തയ്യാറാക്കൽ | ജൂൺ - 30 | | |
| | മഹാന്മാരെ അറിയൽ | ജൂലൈ-15 മാർച്ച്-15 weekly | A C | 600 |
| | പതിപ്പ് നിർമ്മാണം | Quarterly | | 300 |
| | ദിനാചരണങ്ങൾ,പോസ്റ്റർ | | | 200 |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷാപഠനം ലളിതമാക്കുക, വായനശീലം വളർത്തുക | 1) ഹിന്ദി ക്ലബ്ബ് രൂപീകരണം<br>2) ഹിന്ദി വായനാകാർഡുകൾ ചെറുപുസ്തകങ്ങൾ എന്നിവ ഉൾപ്പെടുത്തി ഹിന്ദി ലൈബ്രറി രൂപീകരണം<br>3) മാസത്തിലൊരിക്കൽ ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക.<br>4) ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ പോസ്റ്റർ,ഡിജിറ്റൽ മാഗസിൻ, രചന, പ്രസംഗം, കവിതാലാപനം, ഇടങ്ങിയ പരിപാടികൾ പ്രോത്സാഹിപ്പിക്കുക. | ജൂൺ-ജൂലൈ<br>ജൂലൈ-ആഗ<br>ജൂൺ-ഡിസം | എസ്.ആർ.ജി<br>എസ്.ആർ.ജി<br>ഹിന്ദി അധ്യാപകർ | പി.ടി.എ<br>സ്പോൺസർഷിപ്പ് |
| ഹിന്ദി വായിക്കാനും എഴുതാനും പ്രയാസമനുഭവിക്കുന്ന കുട്ടികളിൽ രസകരമായ പ്രവർത്തനങ്ങളിലൂടെ ഭാഷാപ്രാവീണ്യം വളർത്തുക. | 1) സുരീലി ഹിന്ദി വീഡിയോ മൊഡ്യൂളുകൾ, വർക്ക്ഷീറ്റുകൾ, എന്നിവ പ്രയോജനപ്പെടുത്തി പ്രത്യേക ക്ലാസ്സുകൾ | ജൂലൈ-ഡിസംബർ | ഹിന്ദി അധ്യാപകർ | എസ്.എസ്.കെ/ എസ് .എസ് .ജി |
| സർഗാത്മകത വളർത്തുക | 1) ഹിന്ദി വാരാഘോഷത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ<br>2) ഏകദിന കവിത - കഥാരചന ക്യാമ്പ് | സെപ്റ്റംബർ | എസ്.ആർ.ജി | പി.ടി.എ, എസ്.എസ്.ജി |
| പഠനപിന്തുണ നൽകുക | 1) വിഷയവിദഗ്ധരുടെ പ്രത്യേക ക്ലാസുകൾ | നവംബർ | എസ്.ആർ.ജി | പി.ടി.എ/ എസ്.എസ്.ജി |

# Academic Master Plan . 2025-26

Radhika. M
HS Music Teacher
GHS Cherpulassery

## First term

### June

June 2 – പ്രവേശനോത്സവം.

പ്രവേശനോത്സവ പരിപാടികൾ സമുചിതമായി ആഘോഷി-ക്കുവാൻ തീരുമാനിച്ചു.

June 21 – ലോക സംഗീതദിനം.

1) ലോക സംഗീതദിനം കുട്ടികളുടെ കലാപരിപാടികളോടു കൂടി ആഘോഷിക്കുവാൻ തീരുമാനിച്ചു.

2) ആർട്സ് ക്ലബ് ഉദ്ഘാടനം :- ജൂൺ മാസത്തിൽ തന്നെ ആർട്സ് ക്ലബ് രൂപീകരിച്ചു ക്ലബ് പ്രവർത്തനങ്ങൾ സജീവമാക്കാൻ തീരുമാനിച്ചു.

### July.

ജൂലൈ മാസത്തിൽ കുട്ടികളുടെ ചിത്രരചനാ പ്രദർശനവും ലോക ചിത്രകലാദിനത്തിന്റെ (April 15) പ്രസക്തിയും ആർട്സ് ക്ലബ് പ്രവർത്തനത്തിലൂടെ കുട്ടികളിൽ എത്തിക്കുവാൻ തീരുമാനിച്ചു.

### August

August 15 – സ്വാതന്ത്ര്യദിന പരിപാടികൾ നടത്തുവാൻ തീരുമാനിച്ചു.

Second term.

September

1. ഓണാഘോഷ പരിപാടികൾ സമുചിതമായി നടത്തുവാൻ തീരുമാനിച്ചു
2. സ്കൂൾ കലോത്സവം വർണ്ണമായി നടത്തുവാൻ തീരുമാനിച്ചു.

October.

October 2 – ഗാന്ധിജയന്തി ദിനത്തിൽ ആർട്സ് ക്ലബിന്റെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരണം ചെയ്യുവാൻ തീരുമാനിച്ചു.

7th November

ശിശുദിനത്തോടനുബന്ധിച്ച് ചിത്രരചന മത്സരം നടത്തുവാൻ തീരുമാനിച്ചു.

December.

ക്രിസ്തുമസ് ദിനത്തോടനുബന്ധിച്ച് ക്രിസ്തുമസ് പരിപാടികൾ നടത്തുവാൻ തീരുമാനിച്ചു.

Third term.

January.

January 26 റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് കുട്ടികളുടെ കലാപരിപാടികൾ അവതരണം ചെയ്ത് നടത്തുവാൻ തീരുമാനിച്ചു.

February.

ഏപ്രിൽ 29 ലോകനൃത്ത ദിനത്തിന്റെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുന്നു. ആർട്സ് ക്ലബിന്റെ നേതൃത്വത്തിൽ കുട്ടികൾ സ്വയം compose ചെയ്ത നൃത്തരൂപം അവതരിപ്പിക്കുന്നു

March.

ലോക നാടകദിനത്തോട് (march 27) അനുബന്ധിച്ച് കുട്ടികൾ